ശ്രീ. കെ. എം. മാണി: എറണാകുളം വാട്ടർ സപ്ലൈ സ്കീമിലെ പ്രദേശങ്ങളും കൂടുതൽ വ്യാപിച്ചതുകൊണ്ടും, ജനസംഖ്യ കൂടിയതുകൊണ്ടും ഉള്ള വെള്ളം ഇപ്പോൾ അവിടെ കൊടുക്കാൻ തികയുന്നില്ലെന്നുള്ളതാണ് പ്രശ്നം. വേൾഡ് ബാങ്കിന്റെ സഹായത്തോടുകൂടി 31 കോടി രൂപയുടെ ആഗ്മെന്റേഷൻ സ്കീം നടപ്പിലാകുന്നതോടുകൂടി ഈ പഞ്ചായത്തുകളിലെ പ്രശ്നമൊക്കെ പരിഹരിക്കാൻ കഴിയും. അതിന് ടെൻഡർ വിളിച്ചിരിക്കുകയാണ്.

(3) വരൾച്ച ബാധിത പ്രദേശങ്ങളിലെ കർഷകരുടെ കടം റദ്ദാക്കൽ

ശ്രീ. കെ. കൃഷ്ണൻകുട്ടി: വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ച വില്ലേജുകളിൽ സർക്കാർ അവർക്ക് വേണ്ട യാതൊരു ആനുകൂല്യങ്ങളും, നടപടിയും എടുക്കുന്നില്ല. തൊട്ടടുത്ത സംസ്ഥാനങ്ങളായ തമിഴ്നാടും, കർണ്ണാടകയും വരൾച്ച ബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കുകയും അവിടത്തെ കൃഷിക്കാരുടെ കടം മുഴുവൻ റദ്ദു ചെയ്യുകയും ചെയ്തു. ഇപ്പോൾ ഇവിടെ കുടിവെള്ളത്തിന് വേണ്ടത്ര ഫണ്ടോ മറ്റ് ആനുകൂല്യങ്ങളോ ഒന്നും തന്നെ ഈ ധനകാര്യ വകുപ്പു മന്ത്രി അനുവദിക്കുന്നില്ല. അതുകൊണ്ട് വരൾച്ചബാധിത പ്രദേശമായി പ്രഖ്യാപിച്ച പ്രദേശങ്ങളിലെ കർഷകരുടെ കടം മുഴുവൻ റദ്ദു ചെയ്യണം. എന്റെ നിയോജകമണ്ഡലത്തിൽ വളരെയധികം ആളുകൾ കഷ്ടതയനുഭവിക്കുകയാണ്. ഒരുപാട് ആൾക്കാർക്കെതിരായി ജപ്തി നടപടിയെടുത്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് അവരുടെ കടം റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കടം മുഴുവനും എഴുതിത്തള്ളുക എന്നുള്ളത് ഗവൺമെന്റിന് സാദ്ധ്യമായ കാര്യമല്ല. ഇൻഡ്യാ ഗവൺമെന്റിൽനിന്നും സംസ്ഥാന ഗവൺമെന്റിൽനിന്നും എടുത്തിട്ടുള്ള ലോണുകളെ സംബന്ധിച്ചിടത്തോളം, ലോണിനുള്ള അവസരം ഫെബ്രുവരി മാസം വരെ കൊടുത്തിരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങൾ വഴി കൊടുത്തിട്ടുള്ള തുകയെ സംബന്ധിച്ചിടത്തോളം എഴുതിത്തള്ളാനോ, മൊറട്ടോറിയം പ്രഖ്യാപിക്കാനോ സാദ്ധ്യമല്ല.

(4) മതപരിവർത്തനം ചെയ്യപ്പെട്ടവരുടെ വികസനത്തിനുവേണ്ടിയുള്ള കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. ടി. എസ്. ജോൺ: സർ, 1978–ൽ 'Development Corporation for Christian converts from Scheduled castes and other communities' എന്ന് പറഞ്ഞ് ഒരു കോർപ്പറേഷൻ ഉണ്ടാക്കിയിട്ടുണ്ട്. അതിന്റെ ഹെഡ്ഡാഫീസ് കോട്ടയത്തും, കോഴിക്കോട്ടും, തിരുവനന്തപുരത്തും അതിന്റെ രണ്ട് റീജിയണൽ ഓഫീസുമായി വർക്ക് ചെയ്യുകയായിരുന്നു. ഇപ്പോൾ കോഴിക്കോട്ടേയും തിരുവനന്തപുരത്തേയും റീജിയണൽ ഓഫീസുകളുടെ പ്രവർത്തനം ശരിയായി നടക്കുന്നില്ല. അന്വേഷിച്ചതിൽ, നിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത് ആവശ്യത്തിനുള്ള പണമില്ലെന്നാണ്. ഈ ഓഫീസുകളുടെ പ്രവർത്തനം ശക്തിപ്പെടുത്താൻവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly